GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ബ്ലോക്ക് തല കിസാൻ മേള "ഹരിത വിസ്മയം 2026" പാറശാല ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇന്ന് (ജൂലൈ 22) രാവിലെ 10 ന് പാറശാല ബ്ലോക്ക് ഓഫീസ് അങ്കണത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് ഉൽഘാടനം ചെയ്യും. ഇതിനോടനുബന്ധിച്ച് കിസാൻ ഗോഷ്ഠിയും മികച്ച കർഷകരെ ആദരിക്കലും ഉണ്ടായിരിക്കുന്നതാണ്.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ കുട്ടനാട് എഫ്. എം. 90.0 യിൽ തെങ്ങിന്റെ കീടനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്കുള്ള സംശയങ്ങളും അവയ്ക്കുള്ള മറുപടിയും കായംകുളം കൃഷി വിജ്ഞാനകേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് ഡോ. ടി.

ശിവകുമാർ 24/07/2026 വെള്ളിയാഴ്ച 11 മണിക്ക് നല്കുന്നു. 9995219523 എന്ന നമ്പറിൽ ബന്ധപ്പെടാം.

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കിസാൻ സർവീസ് സൊസൈറ്റി (NGO), സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ വയനാട് ഹിൽസ് ഫാമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി സംഘടിപ്പിക്കുന്ന അവക്കാഡോ ഫെസ്റ്റ് & ഇൻവെസ്റ്റേഴ്സ് മീറ്റ് 2026 ജൂലൈ 31 ന് സുൽത്താൻ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് ഉൽഘാടനം ചെയ്യുന്നു. 2026 ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിലായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'പഴം – പച്ചക്കറി സംസ്കരണം' എന്ന വിഷയത്തിൽ ഓഗസ്റ്റ് 4-ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, പോഷകഘടക വിശകലനം, ന്യൂട്രിഷൻ ലേബൽ തയ്യാറാക്കൽ, വിപണനം, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. നിലവിൽ ഭക്ഷ്യസംസ്കരണ

യൂണിറ്റ് ഉള്ളവർക്കും പുതുതായി ആരംഭിക്കാൻ താല്പര്യമുള്ളവർക്കും പങ്കെടുക്കാം. ഫീസ്: 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ (രാവിലെ 9 മുതൽ വൈകിട്ട് 4 വരെ) 8089076698 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ.

5. തിരുവനന്തപുരം മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ടസ് പ്രൊഡ്യൂസഴ്സ് വെൽഫയർ സൊസൈറ്റി ഇന്ന് രാവിലെ 10ന് കൈമനം കൂൺ പുരയിൽ സൗജന്യ കൂൺ കൃഷി പരിശീലനം നൽകും.

6. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ. സി. എ .ആർ.) പുസ കൃഷി പ്ലാറ്റ്ഫോമിലൂടെ നടപ്പിലാക്കുന്ന ഷിതിജ് ( SHITIJ 2.0 ) – സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാമിന്റെ രണ്ടാം പതിപ്പിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. നാഷണൽ അഗ്രിക്കൾച്ചകറൽ ഇന്നവേഷൻ ഫണ്ടിന്റെ പിന്തുണയോടെ നടപ്പാക്കുന്ന പദ്ധതിയിൽ കാർഷിക മേഖലയിൽ നിന്നുള്ള സംരംഭകർക്കായി രണ്ടു മാസത്തെ സൗജ്യന്യ സംരംഭകത്വ പരിശീലനമാണ് ഓൺലൈനായി ലഭ്യമാക്കുന്നത്. സസ്യരോഗ്യം, പ്രിസിഷൻ അഗ്രിക്കൾച്ചറൽ എന്നീ മേഖലകളിൽ നിലവിൽ പ്രവർത്തിക്കുന്നതും, ഉൽപ്പന്നങ്ങളുടെ പ്രോട്ടോടൈപ്പ്

വികസിപ്പിച്ചിട്ടുള്ളതുമായ കാർഷിക സംരംഭങ്ങൾക്കും ഈ മേഖലയിലേക്ക് വരാൻ താല്പര്യമുള്ളവർക്കുമാണ്അവസരം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ബിസിനസ് – സാങ്കേതിക മാർഗനിർദേശങ്ങൾ, ഐ. സി. എ.ആറിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കാനുള്ള അവസരം, വിപണി ബന്ധങ്ങൾ, ധനസഹായത്തിനുള്ള സൗകര്യങ്ങൾ എന്നിവ ലഭിക്കും. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാനതീയതി ജൂലൈ 24. കൂടുതൽ വിവരങ്ങൾക്ക് 9995826799 എന്ന നമ്പറിൽ ബന്ധപ്പെടാം.

7. കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി പുതിയ കോഴി ഫാം ആരംഭിക്കുന്നതിന് ജില്ലകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കുടുംബശ്രീ അയൽക്കൂട്ട /ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് അപേക്ഷിക്കാം. ഒരു കോഴിക്ക് 1.2 ചതുരശ്ര അടി സ്ഥലം എന്ന കണക്കിൽ 1000 മുതൽ 10000 കോഴികളെ വരെ ഉൾക്കൊള്ളാൻ കഴിവുള്ള കർഷകർക്കാണ് അപേക്ഷിക്കാനാകുക. തെരഞ്ഞെടുക്കുന്ന കർഷകർക്ക് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളേയും അവയ്ക്ക് ആവശ്യമായ തീറ്റയും കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി നൽകും. അപേക്ഷ ഫോം www.keralachicken.org.in ൽ നിന്നും ഡൗൺലോഡ്

ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് /സി .ഡി എസ് ഓഫീസുമായും, 0471 2448144 എന്ന നമ്പറിലും ബന്ധപ്പെടാം.

8. പൂയപ്പള്ളി മോഡൽ ആർ.പി. എസ്സി ന്റെയും റബ്ബർ ബോർഡിന്റയും നേതൃത്വത്തിൽ 18 നും 60 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് സ്റ്റൈപ്പന്റോട് കൂടി 8 ദിവസത്തെ റബ്ബർ ടാപ്പിംഗ് പരിശീലനം നൽകുന്നു. താല്പര്യമുള്ളവർ ഓഗസ്റ്റ് 5 ന് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8943346625 /9061042347 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.